കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചാലക്കുടി മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ) നം.118/2020/തസ്വഭവ *തീയതി, തിരുവനന്തപുരം, 7/8/2020*

---

പരാമർശം:- (1) സ.ഉ(സാധാ)നം.1376/12/തസ്വഭവ തീയതി 17/5/12.

(2) ചാലക്കുടി നഗരസഭ കൗൺസിലിന്റെ 20/03/2020-ലെ 1-ാം നമ്പർ തീരുമാനം.

(3) മുഖ്യനഗരാസൂത്രകന്റെ 04/06/2020-ലെ എഫ്2(ഇ 2)/7351/12 നമ്പർ കത്ത്.

ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം ചാലക്കുടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഭരണാനുമതിയും ധനാനുമതിയും നഗരാസൂത്രണ വകുപ്പിന് നൽകിയിരുന്നു. തൃശ്ശൂർ ജില്ലാ ടൗൺ പ്ലാനർ തയ്യാറാക്കിയ ചാലക്കുടി നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ ,കേരള നഗര-ഗ്രാമാസൂത്രണ നിയമം സെക്ഷൻ 36(1) പ്രകാരം സ്വീകരിക്കാനും, സെക്ഷൻ 36(2) പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരണാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കാനും പരാമർശം (2) പ്രകാരം തീരുമാനമായി. നിർദ്ദിഷ്ട കരട് മാസ്റ്റർ പ്ലാനിലെ റോഡുകളുടെ വീതി, സോണുകൾ, സ്വീവേജ് പ്ലാന്റ് എന്നിവ സംബന്ധിച്ച് 16 കൗൺസിൽ അംഗങ്ങളുടെ വിയോജന കുറിപ്പോടെയാണ് പ്രസ്തുത കൗൺസിൽ തീരുമാനം കൈക്കൊണ്ടിരിക്കുന്നത്.

(2) മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച് അതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നതിനും അതനുസരിച്ച് പ്ലാൻ ഭേദഗതി ചെയ്യുന്നതിനുമുള്ള

പ്രൊവിഷൻ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ഉള്ളതിനാലും കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ, സെക്ഷൻ 36(3)-ന് അനുസൃതമായി നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതിനാലും 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ സെക്ഷൻ 36(3) പ്രകാരം ചാലക്കുടി മാസ്റ്റർ പ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരമുള്ള മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചാലക്കുടി മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം )

ശാരദ മുരളീധരൻ

പ്രിൻസിപ്പൽ സെക്രട്ടറി.

പകർപ്പ്

(1) സെക്രട്ടറി, ചാലക്കുടി നഗരസഭ

(2) മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം

(3) ജില്ലാ നഗരാസൂത്രകൻ, തൃശ്ശൂർ (മുഖ്യനഗരാസൂത്രകൻ) മുഖേന

(4) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(ഫയൽ നം.ആർ.ഡി2/ 79/ 2019/ തസ്വഭവ)

ഉത്തരവിൻ പ്രകാരം

Sfm

സെക്ഷൻ ഓഫീസർ.